**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4628** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇരവികുളം നാഷണൽ പാർക്കിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ഇരവികുളം നാഷണൽ പാർക്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഇരവികുളം നാഷണൽ പാർക്കിൽ പരിസ്ഥിതി സൗഹൃദ ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇക്കോ ടൂറിസം സെൻററുകളിലെ പ്രവേശനത്തിന് പൂർണ്ണമായും ഇ-ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും വെബ്സൈറ്റ് വഴി മുൻകൂറായി ടിക്കറ്റ് അനുയോജ്യമായ സമയം തെരഞ്ഞെടുത്ത് ബുക്ക് ചെയ്യുവാനും വാട്സ്ആപ്പ് വഴി ടിക്കറ്റ് സ്വന്തമാക്കുവാനും ടിക്കറ്റിങ് കിയോസ്ക് വഴി ടിക്കറ്റ് ബുക്ക് ചെയ്യുവാനും സഞ്ചാരികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്. ഇരവികുളത്തേക്കുള്ള പ്രവേശനകവാടം നിർമ്മിച്ചിട്ടുള്ളതും സന്ദർശകർക്കായി ഒരു വിസിറ്റേഴ്സ് ലോഞ്ച്, ഫസ്റ്റ് എയ്ഡ് സെന്റർ എന്നിവ നിർമ്മിച്ചിട്ടുള്ളതുമാണ്. ഒരു മെഡിസിനൽ കൺസർവേഷൻ ഏരിയ, കുറിഞ്ഞി ഗാർഡൻ, ഓർക്കിഡേറിയം, ഫേർനറി, ഇരവികുളം ഓർഗാനിക്ക് ഷോപ്പ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇരവികുളം ദേശീയോദ്യാനത്തിന്റെ ദൃശ്യഭംഗി കാണാവുന്ന 360° വീഡിയോ ദൃശ്യാവിഷ്കാരമുള്ള ഒരു വിർച്വൽ റിയാലിറ്റി എക്സ്പീരിയൻസ് സെന്റർ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വിശാലമായ പാർക്കിംഗ് സൗകര്യവും വിശ്രമ കേന്ദ്രങ്ങളും ആകർഷകമായ സുവനീർ ഷോപ്പ്, നൂതന സൗകര്യങ്ങളോട് കൂടിയ വിശാലമായ ഭക്ഷണശാല, ലഘുഭക്ഷണശാലകൾ, വിവിധ സ്ഥലങ്ങളിൽ സെൽഫി പോയിൻ്റുകൾ, ഇരവികുളം ദേശീയോദ്യാനത്തിന്റെ ചരിത്രവും വളർച്ചയും വിവരിക്കുന്ന സ്റ്റോറി ഓഫ് പാർക്ക്, സൗജന്യ ആതുരസേവനം, പരിശീലനം ലഭിച്ച ഗൈഡുകൾ, സന്ദർശകർക്ക് വിശ്രമിക്കുവാനായി മുളങ്കുടിലുകൾ, കരവിരുതിലുള്ള ചൂരൽ ഇരിപ്പിടങ്ങൾ, കുടിവെള്ള സംവിധാനം, എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി ഗോൾഫ് കാർട്ട് ഇലക്ട്രിക് വാഹനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ഇക്കോടൂറിസം കേന്ദ്രം ആക്കുന്നതിന്റെ ഭാഗമായി അംഗ പരിമിതർക്കായി ഭിന്നശേഷി |

| | | | |
|---|---|---|---|
| | | | സൗഹൃദമായ ശുചിമുറികൾ, കാഴ്ച്ച പരിമിതർക്കായുള്ള ബ്രയിൽ ലിപിയിലുള്ള ബ്രോഷറുകൾ, ബധിരർക്കും മൂകർക്കുമായി ആംഗ്യഭാഷയിലുള്ള വീഡിയോ, സൗജന്യ ബാറ്ററി ഓപ്പറേറ്റഡ് കാർ സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവിടുത്തെ ഇക്കോ ഷോപ്പുകൾ മുഖേന വനാശ്രിത വിഭാഗങ്ങളുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നു. ഇത്തരം സംവിധാനങ്ങൾ ഉൾപ്പെടുത്തിയതുവഴി മുൻ വർഷങ്ങളിലേക്കാൾ സന്ദർശകരുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏതൊക്കെ ഫണ്ടുകളാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഇരവികുളം നാഷണൽ പാർക്ക് സന്ദർശിക്കുന്ന സഞ്ചാരികളിൽ നിന്നും പ്രവേശന ഫീസായി ശേഖരിക്കുന്ന തുകയിൽ നിന്നും ആനമുടി വന വികസന ഏജൻസിയിൽ നിക്ഷേപിക്കുന്ന തുക ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (സി) | 2016 മുതൽ പ്രസ്തുത പാർക്കിൽ ലഭിച്ച വരുമാനം വർഷം തിരിച്ച് വിശദമാക്കാമോ? | (സി) | 2016 മുതൽ ഇരവികുളം നാഷണൽ പാർക്കിൽ ലഭിച്ച വരുമാനം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| സാമ്പത്തിക വർഷം | വരുമാനം (ലക്ഷം രൂപയിൽ) |
|---|---|
| 2015-2016 | 401.24 |
| 2016-2017 | 506.74 |
| 2017-2018 | 547.93 |
| 2018-2019 | 247.22 |
| 2019-2020 | 659.30 |
| 2020-2021 | 250.87 |
| 2021-2022 | 499.40 |
| 2022-2023 | 1099.69 |
| 2023-2024 | 1224.78 |